അല്ലാഹുവിൽ സ്വീകാര്യമായ മതം ഇസ്‌ലാം മാത്രമാണ്. അത് മനുഷ്യർക്ക് എത്തിച്ച് കൊടുക്കുവാനായി അല്ലാഹു കാലാകാലങ്ങളിൽ തെരെഞ്ഞെടുക്കപ്പെട്ട പ്രവാചകന്മാരെ നിയോഗിക്കുകയുണ്ടായി. അതിൽ അവസാനത്തെ പ്രവാചകനാണ് മുഹമ്മദ്(ﷺ). അവസാന വേദഗ്രന്ഥമായ ഖുർആനും, അന്ത്യപ്രവാചകൻെറ ചര്യയുമനുസരിച്ചാണ് ഇനി അവസാനനാൾ വരെയുള്ള മനുഷ്യർ ജീവിക്കേണ്ടത്. വിശുദ്ധഖുർആൻ അനുസരിച്ച് എങ്ങിനെ ജീവിക്കണമെന്നാണ് തിരുമേനി തൻെറ ഇരുപത്തിമൂന്ന് വർഷ ജീവിതത്തിൽ നമുക്ക് കാണിച്ച് തന്നത്. ആ ജീവിത ചര്യക്കാണ് സുന്നത്ത് എന്ന് സാങ്കേതികമായി പറയുന്നത്. പ്രവാചകൻെറ ആ സുന്നത്ത് തെളിമയാർന്ന ഒരു മാതൃകയാണ് എന്നതിൽ യാതൊരു സംശയവുമില്ല.

## എന്താണ് സുന്നത്ത്?:

കർമ്മശാസ്ത്ര ഭാഷയിൽ സുന്നത്ത് എന്ന പദം ഉപയോഗിക്കുന്നത് 'എടുത്താൽ കൂലിയുള്ളതും, ഉപേക്ഷിച്ചാൽ ശിക്ഷയില്ലാത്തതുമായ' ഐഛികമായ കാര്യങ്ങൾക്കാണ്. എന്നാൽ ഹദീസ് നിദാനശാസ്ത്ര പണ്ഡിതന്മാർ സുന്നത്തിനെ നിർവ്വചിക്കുന്നത് 'പ്രവാചക(ﷺ)യുടെ വാക്കുകൾ, പ്രവർത്തനങ്ങൾ, അംഗീകാരങ്ങൾ എന്നിവക്ക് മൊത്തത്തിൽ പറയുന്ന പേരാണ് സുന്നത്ത്' എന്നാണ്. ഉദാഹരണമായി പറഞ്ഞാൽ: പ്രവാചകൻ(ﷺ) തൻെറ നമസ്കാരങ്ങളിൽ പ്രാർത്ഥിച്ച പ്രാർത്ഥനകൾ തിരുമേനിയുﷺടെ വാചികമായ സുന്നത്തുകളും, പ്രവാചകൻﷺ തൻെറ നമസ്കാരം എങ്ങിനെ നിർവ്വഹിച്ചു അത്പോലെ ചെയ്യൽ റസൂലുല്ലാഹ്ﷺയുടെ കർമ്മപരമായ സുന്നത്തിൽ പെട്ടതും, പ്രവാചകൻ(ﷺ)യുടെ സാന്നിദ്ധ്യത്തിൽ ചില സ്വഹാബികൾ ഉടുമ്പിൻെറ മാംസം കഴിക്കുകയുണ്ടായി (ബുഖാരി). ആ സന്ദർഭത്തിൽ പ്രവാചകൻ ആ മാംസം തിന്നുകയോ, സ്വഹാബികളോട് നിങ്ങൾ തിന്നരുതെന്ന് വിലക്കുകയോ ചെയ്തില്ല, ഇത് പ്രവാചകൻെറ അംഗീകാരവുമുള്ള ചര്യയാകുന്നു. ഒരു കാര്യം ഇസ്‌ലാമിൽ അനുവദനീയമാകണമെങ്കിൽ, ഇസ്‌ലാമിക ശരീഅത്തിൽ ഉൾകൊള്ളണമെങ്കിൽ പ്രവാചകൻെറ വാക്കോ, പ്രവർത്തിയോ, അംഗീകാരമോ വേണമെന്നർത്ഥം.

## സനദും മത്നും:

പ്രവാചകതിരുമേനിﷺയുടെ ഹദീസുകൾക്ക് പ്രധാനമായും രണ്ട് ഭാഗങ്ങളാണുള്ളത്. ഒന്ന്: സനദ്, രണ്ട്: മത്ന്. ഹദീസുകൾ ഉദ്ധരിക്കുന്ന ആളുകളുടെ പരമ്പരക്കാണ് സനദ് എന്ന് പറയുന്നത്. ഹദീസിൽ പറയപ്പെട്ട വിഷയമെന്താണോ അതിനാണ് മത്ന് എന്ന് പറയുന്നത്. പ്രവാചകൻﷺ പറഞ്ഞുവെന്ന് പറഞ്ഞ് ആരെങ്കിലും ഏതെങ്കിലും കാര്യം പറയുകയാണെങ്കിൽ ആദ്യം ആ പറഞ്ഞ വ്യക്തിയെ സംബന്ധിച്ച് പഠിക്കുകയും, അദ്ദേഹം ആരിൽ നിന്ന് കേട്ടു, അവൻ ആരിൽ നിന്ന്കേട്ടു എന്ന് വളരെ വിശദമായി പരിശോധിക്കുകയും എല്ലാം ശരിയാണെങ്കിൽ മാത്രമേ ആ ഹദീസ് സ്വീകരിക്കപ്പെടുകയുള്ളു. അത്പോലെ ഹദീസിൽ പറയപ്പെട്ട വിഷയവും ചില നിബന്ധനകൾക്ക് വിധേയമാണ്. എല്ലാം ശരിയായെങ്കിൽ മാത്രമേ ഹദീസ് സ്വീകരിക്കു



കയുള്ളു. ഇല്ലായെങ്കിൽ തള്ളിക്കളയും. ഈ വിഷയത്തിൽ ഒരു വിജ്ഞാന ശാഖതന്നെ ഹദീസ് നിദാന ശാസ്ത്രപണ്ഡിതന്മാർ ഉണ്ടാക്കിയിട്ടുണ്ട്. ആധുനിക കാലത്ത് ഹദീസുകൾമുഴുവനും ക്രോഡീകരിച്ച അനേകം ഹദീസ് ഗ്രന്ഥങ്ങൾ ലഭ്യമാണ്. ഇവയിൽ ഏറ്റവും പ്രാധാന്യമുള്ളതും, പ്രശസ്തിയാർജിച്ചതും, പണ്ഡിതന്മാർ കൂടുതൽ അംഗീകരിക്കുന്നതും സുനനു സിത്തയെന്ന പേരിൽ അറിയപ്പെടുന്ന ആറ് ഹദീസ് ഗ്രന്ഥങ്ങളാകുന്നു. അവ: 'ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, നസാഇ, തിർമിദി, ഇബ്നുമാജ എന്നീ ഹദീസ് പണ്ഡിതന്മാർ ക്രോഡീകരിച്ച ഹദീസ് സമാഹാരങ്ങളാണ്.

## സുന്നത്തും സുരക്ഷിതമാണ്:

വിശുദ്ധഖുർആൻ സംരക്ഷിക്കപ്പെട്ടത് പോലെ പ്രവാചകൻെറ ഹദീസുകളും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഖുർആനിൻെറ സംരക്ഷണം അല്ലാഹു തന്നെ ഏറ്റടുത്തിട്ടുണ്ട്. അതുപോലെ ഹദീസുകൾ മറ്റൊരു രൂപത്തിൽ സംരക്ഷിതമാണ്. അല്ലാഹു പറയുന്നു: "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്" (ഹിജ്റ്:9) ഇവിടെ 'ദിക്റ്' എന്ന അറബി പദത്തിന് ഉൽബോധനം എന്നാണ് അർത്ഥം നൽകിയിട്ടുള്ളത്. ഈ ഉൽബോധനത്തിൽ പ്രവാചകൻെറ സുന്നത്തും ഉൾപ്പെടുന്നു. തിരുമേനിയുﷺടെ ഹദീസുകൾ സംരക്ഷിക്കുവാൻ അല്ലാഹു നിശ്ചയിച്ചിട്ടുള്ള മാർഗം 'സനദി' (പരമ്പരയി)ലൂടെയാണ്. ഹദീസ് റിപ്പോർട്ട് ചെയ്തവരുടെ പരമ്പര പരിശോധിക്കുകയാണെങ്കിൽ ഹദീസ് സ്വഹീഹാണോ, ദുർബ്ബലമാണോയെന്ന് കണ്ടെത്തുവാൻ സാധിക്കുന്നതാണ്. ഇതിന് വേണ്ടി ഹദീസുകൾ റിപ്പോർട്ട് ചെയ്തവരുടെ ചരിത്രം വളരെ വ്യക്തവും, സത്യസന്ധവുമായി രേഖപ്പെടുത്തിയ അനേകം ഗ്രന്ഥങ്ങൾ ഇസ്‌ലാമിക ലോകത്ത് നിലവിലുണ്ട്.. മഹാനായ മുഹമ്മദ് നാസിറുദ്ധീൻ അൽബാനി(റ) ഈ വിഷയത്തിൽ അവഗാഹം നേടിയ ആധുനിക പണ്ഡിതനാകുന്നു. ചുരുക്കി പറഞ്ഞാൽ വിശുദ്ധഖുർആനിൻെറ വിശദീകരണമായ പ്രവാചക സുന്നത്തുകളും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

## സുന്നത്തും വഹ്‌യ് തന്നെ:

പ്രവാചകൻﷺ സുന്നത്തായി തൻെറ സമുദായത്തിന് നൽകിയിട്ടുള്ള മുഴുവൻ കാര്യങ്ങളും അല്ലാഹുവിങ്കൽ നിന്നുള്ള ദിവ്യസന്ദേശത്തിൻെറ അടിസ്ഥാനത്തിൽ തന്നെയാണ്. അല്ലാഹു പറയുന്നു: "അദ്ദേഹം തന്നിഷ്ട പ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു" (നജ്മ്: 3-4) പ്രവാചകന് ഖുർആനിനെ കൂടാതെ വേറെയും വഹ്‌യ് ലഭിച്ചിട്ടുണ്ടെന്നതിന് അനേകം തെളിവുകൾ പ്രമാണങ്ങളിൽ



കാണാനാവും. ഖുർആനിനെ പോലെ മറ്റൊന്നും എനിക്ക് ലഭിച്ചിട്ടുണ്ടെന്ന് പ്രവാചകൻ പറയുന്നതായി ഇമാം അഹ്മദ്തൻെറ മുസ്നദിൽ ഉദ്ധരിക്കുന്നു: മിഖ്ദാമ്ബ്നു മഹ്ദീകരിബ് അൽകിൻദി പറയുന്നു: പ്രവാചകതിരുമേനി(ﷺ) പറഞ്ഞു: "അറിയുക എനിക്ക് ഖുർആനും, അതിനോട് കൂടെ അതുപോലെയുള്ള വേറെയൊന്നും നൽകപ്പെട്ടു, അറിയുക എനിക്ക് ഖുർആനും, അതിനോട് കൂടെ അതുപോലെയുള്ള വേറെയൊന്നും നൽകപ്പെട്ടു" (അഹ്മദ്)

## സുന്നത്തുകൾ സ്വീകരിക്കൽ നിർബ്ബന്ധം:

സുന്നത്ത് സ്വീകരിക്കാതെ വെറും ഖുർആൻ മാത്രം സ്വീകരിച്ച്കൊണ്ട് മുഅ്മിനായി ജീവിക്കുവാൻ ലോകത്ത് ഒരാൾക്കും സാധ്യമല്ല. കാരണം വിശുദ്ധഖുർആനിൻെറ വിശദീകരണമാണ് പ്രവാചക സുന്നത്ത്. വിശുദ്ധഖുർആനിൽ പറഞ്ഞ പല കാര്യങ്ങളും വിശദമാക്കുന്നത് തിരുമേനിﷺയുടെ സുന്നത്താകുന്നു. നിങ്ങൾ നമസ്കാരം നിലനിർത്തണം എന്ന് അടിക്കടി ഖുർആൻ ജനങ്ങളെ ഉൽബോധിപ്പിക്കുന്നു, എന്നാൽ എങ്ങിനെ നമസ്കരിക്കണമെന്ന് സുന്നത്തിൽ നിന്ന് മാത്രമെ ഒരു വിശ്വാസിക്ക് ലഭിക്കുകയുള്ളു. ഇസ്‌ലാമിൻെറ ഏകദേശം മുഴുവൻ ആരാധനാ കർമ്മങ്ങളും ഖുർആൻ മൊത്തത്തിലാണ് പറഞ്ഞിട്ടുള്ളത്. അതിൻെറ രൂപവും, മറ്റും പ്രവാചകൻﷺ തൻെറ സുന്നത്തിലൂടെയാണ് വിവരിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു: "നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ചു തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചു കൊടുക്കാൻ വേണ്ടിയും, അവർ ചിന്തിക്കാൻ വേണ്ടിയും" (നഹ്ൽ:44) വീണ്ടും ഖുർആൻ പറയുന്നു: "അവർ ഏതൊരു കാര്യത്തിൽ ഭിന്നിച്ച് പോയിരിക്കുന്നുവോ, അതവർക്ക് വ്യക്തമാക്കി കൊടുക്കുവാൻ വേണ്ടിയും, വിശ്വസിക്കുന്ന ജനങ്ങൾക്കു മാർഗദർശനവും കാരുണ്യവും ആയിക്കൊണ്ടും മാത്രമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നത്" (നഹ്ൽ:64) "നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക" (ഹശ്ർ:7) മേൽ വിവരിച്ച ആയത്തുകളിൽ നിന്ന് മനസിലാക്കുവാൻ സാധിക്കുന്നത് പ്രവാചകൻെറ സുന്നത്ത് നാം പിൻപറ്റൽ നിർബ്ബന്ധമാണെന്ന കാര്യമാകുന്നു. ഒന്നുകൂടി ഖുർആൻ വ്യക്തമാക്കുന്നു: "തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുകവഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക്നൽകിയിട്ടുള്ളത്. അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതിക്കേൾപിക്കുകയും, അവരെ സംസ്കരിക്കുകയും, അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു" (ആലുഇംറാൻ:164) ഇവിടെ ഹിക്മത് (ജ്ഞാനം) എന്ന പദത്തിന് പല പണ്ഡിതന്മാരും നൽകുന്ന വ്യഖ്യാനം പ്രവാചകൻെറ സുന്നത്താകുന്നുവെന്നാണ്. ഈ കാര്യം ഇബ്നുകഥീർ തൻെറ തഫ്സീറിലും പറയുന്നുണ്ട്. ചുരുക്കി പറഞ്ഞാൽ പ്രവാചകൻെറ സുന്നത്ത് സ്വീകരിക്കൽ ഒരോ വിശ്വാസിയുടെയും നിർബ്ബന്ധ ബാധ്യതയാകുന്നു.

**സുന്നത്തിനെ അവഗണിക്കുവാൻ പാടില്ല:**

ഒരു വിഷയത്തിൽ പ്രവാചകൻെറ സുന്നത്ത് സ്ഥിരപ്പെട്ടാൽ അതിനെ അവഗണിക്കാൻ ഒരു വിശ്വാസിക്ക് പാടില്ലാത്ത കാര്യമാകുന്നു. അത് തനിക്ക് ഇഷ്ടമില്ലെങ്കിലും ശരി മന:സംതൃപ്തിയോടെ സ്വീകരിക്കൽ നിർബ്ബന്ധമാണ്. തൻെറ ബുദ്ധിക്ക് യോജിക്കുന്നില്ല, അതല്ലെങ്കിൽ ആധുനിക നൂറ്റാണ്ടിന് യോജിച്ചതല്ല എന്നൊക്കെ പറഞ്ഞ്കൊണ്ട് അതിനെ അവഗണിക്കുകയോ, തള്ളുകയോ ചെയ്യുന്നവർ സൂക്ഷിക്കേണ്ടതാകുന്നു. അതിനെപ്പറ്റി അല്ലാഹു പറയുന്നു: "അദ്ദേഹത്തിൻെറ കൽപനയ്ക്ക് എതിര് പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചുകൊള്ളട്ടെ" (നൂർ:63)

**സുന്നത്ത് തെളിമയാർന്ന മാതൃക:**

വിശ്വാസിയുടെ ജീവിതം തെളിമയുള്ളതാവുക പ്രവാചകൻെറ ചര്യ ജീവിതത്തിൽ പകർത്തുന്നതിലൂടെ മാത്രമാകുന്നു. അത്കൊണ്ട്തന്നെ അല്ലാഹു അവൻെറ അവസാന പ്രവാചകനിലൂടെ ലോകത്തിന് മുന്നിൽ തുറന്ന് വെച്ചിട്ടുള്ള മാതൃക തെളിമയുള്ളതും, പ്രകാശപൂർണവുമാണ്. ആരാണോ അത് സ്വന്തം ചര്യയാക്കി മാറ്റുന്നത് അവന് ഇഹലോകത്തും, പരലോകത്തും അനുഗ്രഹത്തിൻെറ തെളിമയാർന്ന മാർഗത്തിലൂടെ സഞ്ചരിക്കുവാൻ സാധിക്കുന്നതാണ്. അല്ലാഹു പറയുന്നു: "തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിൻെറ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമ്മിക്കുകയും ചെയ്തുവരുന്നവർക്ക്" (അഹ്സാബ്:21) ഈ ഉത്തമമായ മാതൃക പിൻപറ്റുകയാണെങ്കിൽ ഒരിക്കലും ഒരാൾ വഴി തെറ്റുകയില്ല. ഇമാം മാലിക് ഉദ്ധരിക്കുന്ന ഒരു ഹദീസ് ശ്രദ്ധിക്കുക: പ്രവാചക തിരുമേനി പറയുകയുണ്ടായി: "നിങ്ങൾക്ക് ഞാൻ രണ്ട് കാര്യങ്ങൾ വിട്ടേച്ച് കൊണ്ടാകുന്നു പോകുന്നത്. അത് മുറുകെ പിടിക്കുകയാണെങ്കിൽ നിങ്ങൾ ഒരിക്കലും വഴിപിഴക്കുകയില്ല. അത് അല്ലാഹുവിൻെറ ഗ്രന്ഥവും, അവൻെറ പ്രവാചകൻെറ സുന്നത്തുമാകുന്നു" (മുവത്വ) ഇബ്നുമാജ ഉദ്ധരിക്കുന്ന ഹദീസിൽ നമുക്ക് കാണാം: തിരുമേനി പറയുന്നു: "അല്ലാഹു തന്നെയാണ് സത്യം; നിങ്ങളെ ഞാൻ വിട്ടേച്ച്പോകുന്നത് തെളിമയാർന്ന ഒരു മാർഗത്തിലാകുന്നു, അതിൻെറ രാവും പകലും ഒരുപോലെയാകുന്നു" (ഇബ്നുമാജ)

**സുന്നത്ത് സമ്പൂർണം:**

ഇസ്ലാമിക ശരീഅത്ത് സമ്പൂർണമാക്കിയിട്ടാണ് പ്രവാചകൻ(ﷺ) ഇഹലോകത്ത്നിന്ന് വിടപറഞ്ഞിട്ടുള്ളത്. ഈ സുന്നത്തിൽ യാതൊന്നും കൂട്ടുകയോ, കുറക്കുകയോ ചെയ്യേണ്ടതില്ല, ചെയ്യുവാൻ പാടില്ല. പ്രവാചക(ﷺ)നിൽ നിന്ന് ആയിശ(റ) പറയുന്നു: "നമ്മുടെ ഈ കാര്യത്തിൽ ആരെങ്കിലും വല്ലതും പുതുതായി കൂട്ടിച്ചേർത്താൽ അത് തള്ളപ്പെടേണ്ടതാകുന്നു" (ബുഖാരി) അത്പോലെ ജീവിതത്തിൻെറ മുഴുവൻ മേഖലയിലും പ്രവാചകൻെറ സുന്നത്ത് നമുക്ക് കാണാനാവും. നാം വളരെ നിസ്സാരമായി കരുതുകയും അവഗണിക്കുകയും ചെയ്യുന്നതുമായ മേഖലയിൽ പോലും പ്രവാചകൻെറ സുന്നത്ത് തെളിച്ചം നൽകുന്നതായി കാണാവുന്നതാണ്. സൽമാൻ(ﷺ)വിനോട് ഒരു ജൂതനായവ്യക്തി ചോദിക്കുന്നു: "നിങ്ങളുടെ ദൂതൻ നിങ്ങൾക്ക് എല്ലാ കാര്യങ്ങളും പഠിപ്പിച്ച് തന്നിട്ടുണ്ടോ? വിസർജന മര്യാദകൾ വരെ? അപ്പോൾ അദ്ദേഹം പറഞ്ഞു: "അതെ, ഖിബ്ലക്ക് അഭിമുഖമായി വിസർജനം ചെയ്യുന്നതിനെയും, മൂന്ന് കല്ലിനെക്കാൾ കുറഞ്ഞ എണ്ണം കൊണ്ട് ശൗചം ചെയ്യുന്നതിനെയും, കാഷ്ഠം, എല്ല് എന്നിവകൊണ്ട് ശൗചം ചെയ്യുന്നതിനെയും വിലക്കിയിട്ടുണ്ട്." (മുസ്ലിം) പ്രവാചകൻെറ സുന്നത്ത് ജീവിതത്തിൻെറ മുഴുവൻ മേഖലയേയും വലയം ചെയ്തിരിക്കുന്നുവെന്ന് ഈ ഹദീസ് നമ്മെ ബോധ്യപ്പെടുത്തുന്നു. ഒരു ഹദീസ് കൂടി ശ്രദ്ധിക്കുക: ജാബിറിൽ(ﷺ) നിന്ന്: ഉറങ്ങാൻ നേരത്ത് ജനങ്ങൾ പാലിക്കേണ്ട മര്യാദയെപ്പറ്റി പ്രവാചക തിരുമേനിﷺ പറയുകയുണ്ടായി: "നിങ്ങൾ പാത്രങ്ങൾ അടച്ച് വെക്കുക, വെള്ളപ്പാത്രത്തിൻെറ മുഖം കെട്ടിവെക്കുക, വാതിലുകൾ അടക്കുക, ഇശാഅ്നോടടുത്ത സമയത്ത് കുട്ടികളെ വീട്ടിൽ നിന്ന് പുറത്ത് വിടാതിരിക്കുക കാരണം അപ്പോഴാണ് ജിന്നുകൾ ഭൂമിയിൽ വ്യാപിക്കുന്നതും കുട്ടികളെ തട്ടിയെടുക്കുന്നതും, വിളക്കുകൾ കെടുത്തുകയും ചെയ്യുക, കാരണം എലികൾ വിളക്ക് തട്ടിമറിച്ച് തീ പിടുത്തമുണ്ടായി വീട്ടിലുള്ളവരും, വീട്ടുസാധനങ്ങളും കത്തി നശിക്കുവാൻ സാധ്യതയുണ്ട്" (ബുഖാരി) പ്രവാചകൻെറ സുന്നത്തും, നിയമങ്ങളും എത്ര സുതാര്യവും, സമ്പൂർണവും, തെളിമയാർന്നതുമാണെന്ന് നമുക്ക് മേൽ ഉദ്ധരിച്ച ഹദീസിൽ നിന്നും നമുക്ക് മനസിലാക്കാവുന്നതാണ്.

സുന്നത്തുകൾക്ക് പകരം വേറൊരു മാതൃക വെക്കുവാൻ മറ്റാർക്കും സാധ്യമല്ല. അത്കൊണ്ട് തന്നെ പ്രവാചക സുന്നത്തിൻെറ ലക്ഷ്യവും, ഉദ്ദേശവും നമ്മുടെ യുക്തിക്കും, ബുദ്ധിക്കും കണ്ടെത്തുവാൻ സാധിച്ചില്ലെന്ന് വന്നേക്കാം. എന്നിരുന്നാലും നാം അത് അവഗണിക്കാതെ പരമാവധി ജീവിതത്തിൽ പകർത്തുവാൻ ശ്രമിക്കുക.

**സുന്നത്ത് പഠിക്കുക, പകർത്തുക:**

പ്രവാചകൻﷺ യുടെ ചര്യയായ സുന്നത്ത് പഠിക്കലും, അത് ജീവിതത്തിൽ പകർത്തലും ഓരോ വിശ്വാസിയുടെയും ബാധ്യതയാണ്. എങ്കിൽ മാത്രമെ അവന് ഇസ്ലാമിക നിയമങ്ങൾ അനുസരിച്ച് ജീവിക്കുവാൻ സാധിക്കുകയുള്ളൂ. ഈ പഠനമാണ് ഇഹലോകത്തും പരലോകത്തും ഉപകാരപ്പെടുന്നതും, ഒരിക്കലും നഷ്ടം വരാത്തതുമായ പഠനം. അതുകൊണ്ട് തന്നെ നാം പഠിക്കുക, നമ്മുടെ സന്താനങ്ങളെയും പഠിപ്പിക്കുക. എങ്കിൽ പരലോകത്ത് നമുക്ക് രക്ഷപ്പെടുവാൻ സാധിക്കുന്നതാണ്. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ





المكتب التعاوني للدعوة والإرشاد وتوعية الجاليات بالجبيل

قسم الجاليات المسلم

# പ്രവാചക സുന്നത്ത്

## തെളിമയാർന്ന മാർഗം

**തയ്യാറാക്കിയത്:**

**സയ്യിദ് സഅ്ഫർ സ്വാദിഖ്**

ജുബൈൽ ദഅ്വ സെൻറർ

ഫോൺ: 03-3625500- 1030

# السنة ومكانتها في الإسلام

اعداد :

سيد سعفر صادق